ഈ സബ് ക്ലാസ് അനുസരിച്ചു് മുതലാളിയായാലും തൊഴിലാളിയായാലും ഒരാളെ കുറ്റത്തിൽ കയറി വിസ്തരിക്കുമെന്നും, അങ്ങനെയല്ലാതെ നിർദ്ദോഷി ഒരിക്കലും കുറ്റക്കാരനാകുന്നില്ലെന്നും മാത്രമല്ല കുറ്റക്കാരനാക്കുകയില്ലെന്നുമാണു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. അതുകൊണ്ടു്, ഈ ഭാഗം കൊണ്ടു്, കുറ്റം ചെയ്യുന്നതു് അല്ലെന്നുവരുന്നതല്ല. നേരേമറിച്ചു് ഒരുകൂട്ടി അതിനെ ഉറപ്പിക്കുകയാണു് ചെയ്യുന്നതു. ക്ലൂസ് അനുസരിച്ചുള്ളതു കൊടുക്കാതിരുന്നാൽ, കുറ്റംതന്നെ. പക്ഷെ അതു മുതലാളിയുടെ കുറ്റം കൊണ്ടാണോ അല്ലയോ എന്നതെളിയിക്കുന്നതിനാണു് അയാൾക്കൊരവസരം കൊടുക്കുന്നതു്. ഒരാൾ മരിച്ചതു് വെട്ടിക്കൊന്നിട്ടാണെന്നതെളിയുന്നു. പക്ഷെ കൊന്നതു് ഇന്നാരാണെന്നതെളിയുന്നില്ല. അതുകൊണ്ടു് വെട്ടിക്കൊന്നതല്ലെന്നു വരുന്നതല്ല. അങ്ങനെയാണെങ്കിൽ പീനൽകോഡിലെ വകുപ്പിനെ മുഴുവൻ മാറേണ്ടിവരും. യഥാർത്ഥത്തിൽ കൊന്നതു കൊന്നതുതന്നെയാണു്. എന്നാൽ കുറ്റം ചാർത്തപ്പെട്ട ആൾക്കു് അതു താൻ ചെയ്തതല്ലെന്നതെളിയിക്കാനോ മറ്റോ സാധിക്കുമെങ്കിൽ അതിനുള്ള അവസരം കൊടുക്കേണ്ടതു് ഒരു നീതി മാത്രമാണു്. കൊന്ന ആൾ വാസ്തവത്തിൽ കുറ്റം ചാർത്തപ്പെട്ട ആൾ അല്ലാതെ ആയിരുന്നേക്കും. തെളിയിക്കുന്നതിനു് അയാൾക്കു് അവസരം കൊടുത്തില്ലെങ്കിൽ അതു് നീതിവിരുദ്ധമാണു്. അതുപോലെ പത്രാധിപരുടെ പേരിൽ ഡെഫമേഷൻ കൊടുക്കുന്നു. അല്ലെന്നു തെളിയിക്കേണ്ടതു പത്രാധിപരുടെ ചുമതലയാണു്. അതിനു് അയാൾക്കു ഒരു അവസരം കൊടുക്കേണ്ടതാണു്.

MR. A. P. UDAYABHANU: അങ്ങനെയാണെങ്കിൽ കുറ്റം ചെയ്ത ആളിനു രക്ഷപ്പെടാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. M. VARGHESE : പല സ്നേഹിതന്മാരും പ്രസ്താവിച്ചതിനു മറുപടിയായി ഞാൻ പറഞ്ഞ മറുപടിതന്നെ ഇതിനും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതുതന്നെയാണ് ഞാൻ ഇപ്പോഴും പറഞ്ഞതും. After the commission of offence has been proved കുറ്റം കുറ്റംതന്നെ. പക്ഷേ ഇന്നാരു ചെയ്യു എന്നോ, അങ്ങനെ സംഭവിച്ചതിൽ താൻ കുറ്റക്കാരനല്ലെന്നോ മറ്റോ തെളിയിക്കാൻ അയാൾക്കും ഒരവസരം കൊടുക്കേണ്ടതു ന്യായം മാത്രമാണു. അതു് അയാൾക്കു തെളിയിക്കാൻ സാധിച്ചില്ലെങ്കിൽ അയാൾ കുറ്റക്കാരൻതന്നെ. നിയമമനുസരിച്ചുള്ള ക്രിയ കൊടുത്തില്ലെങ്കിൽ കുറ്റംതന്നെ. പക്ഷേ, അതു മുതലാളി ചെയ്ത കുറ്റമാണോ എന്നു് തെളിയിക്കാനാണു ഈ അവസരം കൊടുക്കുന്നതു.

MR. P. BALAKRISHNAN THAMPI: Sir, may I point out that the question may not be provocative for another speech from the Hon'ble Member?

MR. PRESIDENT : The Hon'ble Member is only answering the question.

MR. T. M. VARGHESE : പ്രസിഡൻറിന്റെ അനുവാദത്തോടുകൂടി എതു സമയം വേണമെങ്കിലും പ്രസംഗിക്കാൻ ഏവർക്കും അവകാശമുണ്ടെന്നുള്ളതു എല്ലാവർക്കും അറിവുള്ള സംഗതിയാണു്.

ഏതായാലും ഇതു്, ഈ നിയമത്തിനു അത്യാവശ്യമായിട്ടുള്ളഭാഗംതന്നെയാണെന്നാണു് എന്റെ അഭിപ്രായം.

HON'BLE MR. N. KUNJURAMAN : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇന്നു ഇവിടെ നടന്ന വാദപ്രതിവാദത്തിന്റെ വെളിച്ചത്തിൽ കൂടുതലായി ഒന്നും തന്നെ പറയണമെന്നു ആഗ്രഹിക്കുന്നില്ലെങ്കിലും ഒന്നുരണ്ടു സംഗതികൾ വ്യക്തമാക്കണമെന്നു് ആഗ്രഹിക്കുന്നു. ഇന്നു ഇവിടെ പ്രസംഗിച്ചപല ബഹുമാനപ്പെട്ട മെമ്പറന്മാരും ഒരു തെറ്റിദ്ധാരണയ്ക്കു് വശംവദരായിട്ടുള്ളതുപോലെ തോന്നുന്നു. തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കു ഈ വകുപ്പു് ബാധകമാകുമെന്നാണു് ഇവിടെ നടന്ന വാദങ്ങളിൽനിന്നും മനസ്സിലാകുന്നതു. അതിന്റെ കാരണം എന്താണെന്നുഎനിയ്ക്കു മനസിലാകുന്നില്ല. ഈ വകുപ്പു ഇതിലുള്ളതുകൊണ്ടു് തൊഴിലാളികളുടെ താൽപ്പര്യസംരക്ഷണത്തിനു് യാതൊരു വിധവും ഹാനി സംഭവിക്കുകയില്ല എന്നു മാത്രമല്ല അതു് അവരെ കൂടുതൽ സഹായിക്കും എന്നാണു് എനിക്കുപറയുവാനുള്ളതു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിതനാണു് ഞാൻ എന്നു് ക്ലെയിം ചെയ്യുകൊണ്ടാണു് ഇതു് പറയുന്നതു്. ഇരുപത്തിഒന്നാം വകുപ്പു് ഇവിടെ ഉള്ളതുകൊണ്ടു അവർക്കു് യാതൊരു ദോഷവും സംഭവിക്കാൻ പോകുന്നില്ല. അതിനുള്ള കാരണം മിനിമം വേജസു് കിട്ടുന്നതിനു് ആവശ്യമായ നിബന്ധനകൾ ഇതിലുണ്ടു്; അതു് ഇടാക്കുന്നതിനുള്ള വിധം സെക്ഷൻ ഫൈവ്, ക്ലാസു് നു-ൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു. തൊഴിലാളികൾക്കു് മിനിമം വേജസു് കിട്ടണമെന്നും അതിനാവശ്യമായ നിയമം ഇതിൽ ഉണ്ടായിരിക്കണമെന്നുമാണു് ഗവണ്മെൻറിന്റെ അഭിപ്രായം. അതു് കൊടുത്തില്ലെങ്കിൽ തീർച്ചയായിട്ടും മാനേജുമെൻറു് കുറക്കാരാണു്. എന്നാൽ അങ്ങനെ കൊടുക്കാതിരുന്നതിനു് മാനേജുമെൻറിനു് സമാധാനം പറയാനുള്ള ഒരു സന്ദർഭം കൂടി കൊടുക്കുവാനുള്ള വ്യവസ്ഥ മാത്രമേ ഇതിലുള്ളൂ. എന്തെങ്കിലും പറഞ്ഞു് മുതലാളിക്കു അല്ലെങ്കിൽ മാനേജുമെൻറിനു് മിനിമം അങ്ങനെ വേജസു് കൊടുത്തില്ലെങ്കിൽ ഉണ്ടാകാവുന്ന കുറത്തിൽനിന്നും ഒഴിയുവാൻ സാധിക്കുകയില്ല. ഇതാണു് പരമാർത്ഥം. അങ്ങനെ മുതലാളിക്കു് അതിനുള്ള സന്ദർഭം കൊടുക്കുന്നതുകൊണ്ടു് തൊഴിലാളിയുടെ നില അഭിവൃദ്ധിപ്പെടുമെന്നല്ലാതെ തൊഴിലാളിയുടെ താൽപ്പര്യത്തിനു് ബാധകമാകയില്ല. മിനിമം വേജസു് കൊടുത്തില്ലെങ്കിൽ തീർച്ചയായും മുതലാളി കുറക്കാരൻതന്നെ. എന്നാൽ, ഏതു പരിതസ്ഥിതികളിലാണു മുതലാളി അങ്ങനെ ചെയ്തില്ലെന്നുള്ളതിനു് ഒരു സമാധാനം പറയുന്നതിനു അയാൾക്കു് ഒരു സന്ദർഭം ഉണ്ടാക്കികൊടുക്കുക എന്ന മാത്രമാണു് ഈ വകുപ്പുകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്.

അതുകൊണ്ടു് അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ മുതലാളിക്കു സാധ്യമാകുന്നതല്ല. ചിലപ്പോൾ ഈ മിനിമം വേജസു് കൊടുക്കാതിരുന്നതിനു് വാസ്തവത്തിൽ മുതലാളി കുറക്കാരനാകാതെ വരുന്ന സന്ദർഭങ്ങളും ഉണ്ടായേക്കാം. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ ഒരു സമാധാനം പറയുന്നതിനുള്ള സാവകാശം മുതലാളിക്കു നൽകുക എന്നുള്ളതു് ഒരു ധാർമ്മികതത്വം മാത്രമാണു. അതുകൊണ്ടു് മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഈ ഭേദഗതി സ്വീകരിക്കത്തക്കതല്ല.

The amendment was put and lost.

The question that clause 22 form part of the Bill was put and carried.

The clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

The question that clauses 23 and 24 form part of the Bill was put and carried.

The clauses were added to the Bill.

Clause 25.

MR. PONNARA G. SREEDHAR: Sir, I move that in clause 25, sub clauses 2 and 3 with the explanation may be deleted and the numbering of sub clause 1 may also be deleted.

ഏതെങ്കിലും ഒരു വ്യവസായത്തേയോ ഫാക്ടറിയേയോ ഈ ആക്ടറിന്റെ പരിധിയിൽനിന്നും ഒഴിച്ചു നിറുത്തുന്ന കാര്യത്തെപ്പറ്റി വിവരിച്ചിട്ടുള്ള ഒരു സെക്ഷനാണ് ഇത്. ഇതിൽ എടുത്തുകളയണമെന്ന് ഞാൻ ആവശ്യപ്പെടുന്നത് ഗവണ്മെന്റിന് ചില പ്രത്യേകമായ അധികാരങ്ങൾ കൊടുക്കുന്ന രണ്ടാമത്തെ ഭാഗവും മക്കൾക്കും ഭാര്യക്കും സഹോദരനുമൊക്കെ ശമ്പളം കൊടുത്തു ജോലി ചെയ്യിക്കുന്ന മുതലാളിമാരുടെ കാര്യം പറയുന്ന മൂന്നാമത്തെ ഭാഗവുമാണ്. ഒരു നോട്ടിഫിക്കേഷൻ പരസ്യം ചെയ്തതിനുശേഷം ചില പ്രത്യേക പരിതസ്ഥിതികളിൽ ചില പ്രത്യേക വ്യവസായങ്ങളെ ഈ ആക്ടറിന്റെ പരിധിയിൽ പെടുത്തേണ്ടതാണെന്നാണ് രണ്ടാമത്തെ ഭാഗത്തിൽ പറയുന്നത്. ആദ്യമായി എനിക്കു പറയുവാനുള്ളതു ഗവണ്മെന്റിന് ആവശ്യമുള്ളതിൽ കൂടുതൽ അധികാരങ്ങളൊന്നും ഒരു നിയമത്തിലും കേറ്റി വയ്ക്കരുതെന്നാണ്. ഈ മിനിമം വേജസ് ആക്ടു എല്ലാ വ്യവസായങ്ങളേയും ബാധിക്കുന്നില്ല. തിരുവിതാംകൂറിലെ വ്യവസായങ്ങളിലും തൊഴിലുകളിലും ഒരു അരിപ്പു നടത്തി ചിലതുമാത്രമേ ഈ ആക്ടറിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളു. അങ്ങനെ അരിപ്പു കഴിഞ്ഞു എടുത്തിട്ടുള്ളവയിൽ നിന്നുപോലും ആവശ്യംപോലെ ചില വ്യവസായങ്ങളെ ഒഴിച്ചു നിറുത്തുന്നതിനു ഗവണ്മെന്റിനധികാരം നൽകുന്ന ഒരു ക്ലാസ്സാണ് ഇതു. ഒരു കൂലിവേലക്കാരന് കൂലി കൊടുക്കാത്തതിന്മേൽ അയാൾ കേസ് കൊടുത്താൽ അതു മിക്കവാറും തീരുമാനം ആയി വരുന്നതുതന്നെ അയാൾ പട്ടിണികിടന്ന് മരിച്ചു കഴിഞ്ഞതിനുശേഷമായിരിക്കും. ഇനി അതു തീരുമാനിച്ചാൽതന്നെയും അതു കൊടുക്കാതെ കഴിക്കാനുള്ള ഒരു പരിതസ്ഥിതിയാണ് ഈ രണ്ടാമത്തെ ഭാഗംകൊണ്ടു ഉണ്ടാകാൻ പോകുന്നതു്. അതിന്റെ ആവശ്യമേ ഇല്ലെന്നാണ് എന്റെ അഭിപ്രായം.

അടുത്തതായി മൂന്നാമത്തെ ഭാഗത്തിൽ പറയുന്നതു് ചില കുടുംബത്തിലെ കുറെ പേരെ രക്ഷിക്കാനെന്നുള്ള ഒരു മട്ടിലാണ്. വാവാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ാബന്ധത്തിലേർപ്പെടുന്ന ആളും ഭാര്യക്ക് ശമ്പളം കൊടുക്കുന്നതായി ഞാൻ കണ്ടിട്ടില്ല. അതുപോലെതന്നെ സന്താനങ്ങൾക്കും ശമ്പളം കൊടുക്കുന്നതായി ഏനിക്കറിവില്ല. ഏതായാലും ശമ്പളം കൊടുത്തു് ഒരു ഭാര്യയെ വച്ചുകൊണ്ടു് മക്കളെ ഉല്പാദിപ്പിക്കേണ്ട ആവശ്യം ആർക്കെങ്കിലുമുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. തന്റെ ഭാര്യയേയൊ മക്കളേയൊ സഹോദരങ്ങളേയൊ കൊണ്ടു ജോലി ചെയ്യിക്കുന്നതിനു് അവർക്കു് ശമ്പളം കൊടുത്താലേ സാധ്യമുണ്ടാകൂ എന്നു വന്നിട്ടുള്ള വല്ലവരുമുണ്ടെങ്കിൽ നിശ്ചയമായും അവരെ ഒരു കാരണവശാലും ഒഴിച്ചുവിടാൻ പാടില്ലാത്തതാണു്. ഇതു് ചില ആളുകൾക്കു് വീടുകളിൽ കുട്ടികളെ കൊണ്ടുനിറുത്തി കുറഞ്ഞ ശമ്പളം കൊടുക്കാനുള്ള ഒരേർപ്പാടാണെന്നാണു് എനിക്കു തോന്നുന്നതു്. ഈവിധം ഒരു "ക്ലാസ്" നമുക്കു ആവശ്യമില്ല. മറ്റു സെക്ഷനുകളെപ്പറ്റി പറഞ്ഞപ്പോഴെല്ലാം ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രി ഇതെല്ലാം ഇൻഡ്യാഗവണ്മെൻറു ചെയ്തിട്ടുള്ളതാണു്, അതാണു് ഇവിടെയും കൊണ്ടുവന്നിട്ടുള്ളതു് എന്നു പറഞ്ഞു് എതിർക്കുകയാണു് ചെയ്തിട്ടുള്ളതു്. യൂണിയൻ ഗവണ്മെൻറു ചെയ്യുന്നതെല്ലാം ഇവിടെയും അതേപടി പകർത്തുന്നതിനാണെങ്കിൽ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ല. യൂണിയൻ ഗവണ്മെൻറു പാസ്സാക്കിയ ബില്ലുകൾതന്നെയും ചില പ്രവിശ്യകളിൽ വ്യത്യസ്തമായ രീതിയിൽ പാസ്സാക്കിയിട്ടുണ്ടു്. ഇന്നയിന്നതരത്തിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു് കാണിക്കുന്നതിനുവേണ്ടി മാത്രമാണു് ഇൻഡ്യാഗവണ്മെൻറു് നിയമങ്ങൾ ഉണ്ടാക്കുന്നതു്. തിരുവിതാംകൂറിനെ ബ്രിട്ടീഷ് ഇൻഡ്യയിലെ മറേറതൊരു ഭാഗത്തോടും താരതമ്യപ്പെടുത്തിനോക്കിയാൽ യഥാർത്ഥത്തിൽ തൊഴിലാളി നിയമനിർമ്മാണത്തിലും തൊഴിലാളികൾക്കു സ്വാതന്ത്ര്യം അനുവദിച്ചു് കൊടുക്കുന്നതിലും വളരെ മുമ്പോട്ടു പോയിട്ടുണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. എന്നാൽ തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളുംകൂടെ ഇല്ലാതാക്കാനല്ലേ ഇങ്ങനെയുള്ള ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നതെന്നും അവർ സംശയിച്ചേക്കാനിടയുണ്ടു്. ഏതായാലും ഈ സഭയിൽ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതിനായിട്ടു് ആരുംതന്നെയില്ല. അതായതു് ഏതൊരു ജനസമൂഹത്തിനുവേണ്ടിയാണോ ഒരു നിയമം ഉണ്ടാക്കുന്നതു് ആ അവസരത്തിൽ ആ ജനസമൂഹത്തെ പ്രതിനിധീകരിക്കുന്ന ആളുകൾകൂടി ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. അവരുടെ അഭിപ്രായങ്ങൾകൂടി അറിയേണ്ട ഒരു കടമ നമുക്കുണ്ടു്. എന്നാൽ തൊഴിലാളി സംഘടനകളെ പ്രതിനിധീകരിക്കുന്നവരാരുംതന്നെ ഇവിടെയില്ല.

MR. P. S. MUHAMMED : മുതലാളിമാരെ പ്രതിനിധീകരിക്കാൻ ആരെങ്കിലുമുണ്ടോ ?

MR. PONNARA G. SREEDHAR : മുതലാളിമാരെ പ്രതിനിധീകരിക്കാനേ ആളുകളുള്ളൂ.

MR. ABDUL AZIZ : ബഹു: മെമ്പർ മുതലാളിമാരെയാണൊ പ്രതിനിധീകരിക്കുന്നത്.

MR. PONNARA G. SREEDHAR : എനിക്കും സൗകര്യമുണ്ടെങ്കിൽ മുതലാളിമാരെ പ്രതിനിധീകരിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷേ എന്നെ മുതലാളിമാരാരും സമീപിക്കുന്നില്ല. മുതലാളി സമൂഹത്തെ പ്രതിനിധീകരിക്കുന്നവരാണ് ഇന്ന് അസംബ്ലിയിൽ ഉള്ളതെന്ന ആരോപണങ്ങളും ശരിയല്ലേ എന്നുകൂടി ഈമാതിരി ബില്ലുകളും കൊണ്ടുവരുമ്പോൾ എനിക്ക് തോന്നിപ്പോകുന്നു. ഗവണ്മെൻറിന് ആവശ്യമില്ലാത്ത ഈ അധികാരങ്ങളും എന്തിനെന്ന് ഞാൻ ചോദിക്കുന്നു. അത്യാവശ്യമുള്ളപ്പോഴല്ലാതെ അവ ഉപയോഗിക്കുകയില്ലെന്ന് പക്ഷേ പറയുമായിരിക്കും. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കുന്നത് ആവശ്യം വരുമ്പോൾ നിയമം ഉണ്ടാക്കിക്കൂടെ എന്നാണ്. സാധാരണ കീഴ് ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം തന്നെയാണ് മുകളിലേയ്ക്കു വരുന്നത്. അല്ലാതെ ഉടനെ ഈ അസംബ്ലിയിൽ വിളിച്ചുകൂട്ടി വാദപ്രതിവാദം നടത്തി പ്രതിനിധികളുടെ അഭിപ്രായം അറിഞ്ഞു പ്രവർത്തിക്കുകയല്ല ചെയ്യുന്നത്. ആലപ്പുഴത്തന്നെ കയർ ഫാക്ടറികളിൽ തൊഴിലാളികളെ സൈക്ക ചെയ്യുന്നു എന്നു വിചാരിക്കുക. ആലപ്പുഴ ഇരിക്കുന്ന അസിസ്റ്റൻറ് ലേബർ കമ്മീഷണർ അവിടെയുള്ള മുതലാളിമാരുമായിട്ട് കൂടുതൽ അടുപ്പമുള്ള ആളാണെങ്കിൽ അവരെ താങ്ങികൊണ്ടുള്ള ഒരു റിപ്പോർട്ടായിരിക്കും അയയ്ക്കുന്നത്. ആ റിപ്പോർട്ടായിരിക്കും ലേബർ കമ്മീഷണർ വഴി ബഹു: മിനിസ്റ്റർക്ക് കിട്ടുന്നതു. മിനിസ്റ്റർ അതു ശരിയാണെന്ന് ധരിക്കുകയും ചെയ്യും. അതനുസരിച്ചായിരിക്കും പിന്നീടുള്ള നടപടികളും. അതുകൊണ്ട് ഇങ്ങനെയുള്ള പ്രത്യേകാധികാരങ്ങളും ഈ ബില്ലിൽ കൊള്ളിക്കേണ്ട ആവശ്യമില്ല. "മിനിമംവേജസ്" എന്നു പറഞ്ഞാൽ ഞാൻ മനസ്സിലാക്കുന്നത് ദേഹവും ദേഹിയും കൂന്നിച്ചിരിക്കുന്നതിനു മതിയാകുന്ന ഒരു "കൂലി," അതായതു വെറും പട്ടിണി ആയി പോകാതിരിക്കുന്നതിനു മാത്രമുതകുന്ന ഒരു കൂലി, എന്നുമാത്രമാണ്. അതുപോലും കൊടുക്കാതിരിക്കാനുള്ള മാർഗ്ഗം ആരായുകയല്ലേ ഈ "ക്ലാസ്സ്" കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ദ്ദേശിക്കുന്നതെന്ന് തോന്നിപോകുന്നു. യുദ്ധം ഒരു അസാധാരണ പരിത സ്ഥിതിയാണെന്നതു് സമ്മതിക്കുന്നു. പക്ഷെ യുദ്ധമാണെന്ന് വച്ച് ക്രൂരി വേലക്കാരന് അതു "പട്ടിണിക്രൂരി" പോലും കൊടുക്കേണ്ട എന്നാണോ പറയുന്നതു്. അവന് ശരിയായ ആഹാരമില്ലെങ്കിൽ അവൻ ഏതുവിധം ജോലിചെയ്യുമെന്നെങ്കിലും ബില്ലിന്റെ കർത്താക്കൾ ഒന്നാലോചിക്കേണ്ട തായിരുന്നു. അതുകൊണ്ട് ആ ക്ലാസും എടുത്തുകളയണം. എന്റെ ഭേദഗതി സഭ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

MR. A. P. UDAYABHANU: Sir, I support the amendment. When considering the amendment, first of all what I have to urge is that we have not to think of the complexion of the present Government, but we must think of successive Governments. The present Government may be sympathetic towards labour but day after tomorrow another Government may come into power and they may not be very sympathetic towards the labour. When we frame a law we have to frame it bearing in mind its future possibilities. And so keeping this in view we must make provisions in this Act. In this Act Government has been given the power to exempt certain classes and certain kinds of industries which have been already brought in the schedule from the application of this Act. Sub-clause 2 of Section 25 says:—

> "Our Government may, if for special reasons they think so fit, by notification in Our Government Gazette, direct that for such period as they may specify the provisions of this Act or any of them shall not apply to all or any class of employees employed in any scheduled employment or to any locality where there is carried on a scheduled employment".

I think that this provision of exemption is unnecessary.

The other thing I have to urge before the House is that the minimum wages should be fixed in such a way that it should not go lower than a certain limit. That is, the bottom limit should also be fixed, so that the wage shall not go beyond a certain limit. In the United States they have fixed the bottom limit below which the wages cannot fall. So the idea behind the Minimum Wages Act is to set the bottom limit below which wages cannot fall. So our idea is to fix a wage rate which will be helpful for keeping soul and body together as far as workers are concerned. So it is not a measure which will help them to live an affluent life but which will help them to live above want. When that is the idea underlying the Minimum Wages Act, I don't think any exemption can be given. Therefore when we consider the basic principles with which the Minimum Wages Act is introduced I think this provision is totally inconsistent with the idea behind the Act. So I think the amendment ought to be accepted.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN THAMPI: Sir, this is the second time I have the misfortune to oppose the hon'ble mover. First of all I deprecate the tone of the mover of the amendment.

MR. K. P. NILAKANTA PILLAI: Is it right that a member can have the right to question the tone of another hon'ble member?

MR PRESIDENT: Mr. Thampi will go on with his speech.

MR. P. BALAKRISHNAN THAMPI: By moving his amendment the hon'ble mover has sought to put the House in the wrong with the public in the State that this House does not represent the large numbers of labourers in the country.

MR. PONNARA G. SREEDHAR: Sir, on a point of information.

ഞാൻ പറഞ്ഞത് ടെയിഡ് യൂണിയനാണ് തൊഴിലാളികളെ ശരിയായി പ്രതിനിധീകരിക്കുന്നതെന്നാണ്. അത് ഒരു fact ആണ്.

MR. P. BALAKRISHNAN THAMPI: It is an auditory defect. I may be excused.

MR. K. P. NILAKANTA PILLAI: May I know the meaning of the word "auditory"?

MR. P. BALAKRISHNAN THAMPI: Auditory is the adjectival form of hearing.

Hon'ble member after Hon'ble member has said that it is very dangerous to give power in the hands of Government. I say, it is in the interest of labour that such discretion should be vested with the Government, to be used under exceptional circumstances. Now it is a matter of common knowledge that industries will have learned of either ceasure or the threat to cease work owing to many economic factors. Not the least of it is the solicitude and friendliness shown to labour by some other friends. It is a painful thing to bring to the notice of this House that the coir industry shows bad deterioration owing to many reasons, the least important of which is certainly the interest shown by the friends of labour. Now the circumstances may so fashion themselves that labourers themselves may wish that some employment might be given to them when they are aware that with the best of intentions the employer cannot possibly give them the wages fixed by the Act. It is inevitable under such circumstances, labourers with the assistance of the Government should fix any wage rate that is lower than the minimum prescribed. It is very clear that this House is aware of the fact that this section would be primarily to save the interest of labour itself. Now labour dies, labour is dying on account of starvation. It is better that the labour dies in order to shake the feeling of the inequities of labour. It is better to provoke the social consciousness and that people die than to receive something less than the minimum wage. But in the present circumstances it is better to give some wage lower than the minimum wage. Many enthusiastic and honourable members have moved and supported this resolution. Then exception was taken to the inclusion of a sub-clause or rather an explanation or an exception regarding the relations which may assist the employer in his work. That explanation is essential.

LIBRARY ARCHIVES Kerala Legislative Assembly

Otherwise a man may be condemned to a term of six months' rigorous imprisonment if it is proved that his brother was working on no salary or something less than the minimum wage. When employment or anything less than the minimum wage is made a penal act, it is highly essential to state that if those who are above the near relations, if they work for them, this rule regarding minimum wages need not relate to them. It is in the interest of all honest men, and it is in the interest of those whose family relations, whose sons and relations voted for them that such provisions should be included. Nothing in this Act works any hardship on the labourers. It is an enabling section in the interest of labour. Occasions will be few and far between for any Government to invoke the feeling of any section. It is only under compelling circumstances when labour itself might be very insistent that some relaxation should be made by any Government.

Another hon'ble member said that it might be that this Government might invoke and some other Government will not. Under any scheme of adult suffrage it is not going to be neglected. Any future Government might be too considerate about them. With these few words I oppose the amendment moved by my friend Mr. Sreedhar.

MR. P. S. NATARAJA PILLAI: I am very sorry to oppose the amendment of Mr. Sreedhar. In doing so I would like to bring to the notice of this House one important fact, as I think it. Sir, it is perfectly true that the Minimum Wages Bill is a measure primarily intended to protect the interests of labour and it is in consonance with the advanced labour legislation elsewhere But, in a country where the average income of an ordinary citizen is very low and if a minimum wage is fixed up on the cost of living index, I want this House to consider its effects on some of the industries in the State. Though I am not today in a position to quote from some authoritative works available there are instances reported that fixing of minimum wages have affected the growth and even the existence of some industries and it was found almost difficult to pay the minimum wage. On account of this reason many industries have closed down because of the injurious effects of this legislation.

MR. K. P. NILAKANTA PILLAI: May I know whether the country is ripe for such a Bill as the Minimum Wages Bill?

MR. P. S. NATARAJA PILLAI: I am not disputing the principle.

MR. K. P. NILAKANTA PILLAI: The question is not whether the Bill is ripe; but the country is ripe?

MR. P. S. NATARAJA PILLAI: I might not be in order in questioning the principles of the Bill. I am particularly drawing attention to clause 25 here. If I am allowed to complete my speech I shall show how I am relevant. There are instances reported that by imposing minimum wages on particular industries, many industries have died even in advanced industrial countries. In a country, where the average income is very low.—the average income of a

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Piallai]

citizen is from Rs. 30 to Rs. 75 per year in our State—can we think of imposing a wage fixed on cost of living? Do you think that the average rate of income will be sufficient for a man to live? When we fix a minimum wage we have to fix it in relation to the cost of living which will be far higher than the average income and if we enforce the minimum wage at that rate to a particular industry, that industry will die for it lives now on account of its present low cost of production. Therefore, if a provision like clause 25 is not included therein, there will be difficulties. In certain circumstances we may require an exception under sub-clause 2. That provision will remain as a residuary safeguard. There may come a situation where particular industry may be paralysed and cannot get on with the minimum wage fixed. As a matter of fact, a major portion of our industries have not got sufficient resources to meet their needs. They somehow manage to live. Our population is constantly increasing and the present conditions are bound to change. Until we increase the productivity and thereby the standard of living, we are bound to manage with the present conditions. Therefore, Sir, I say that this clause 25, sub-clause (2), is necessary, so that Government may not apply, the minimum wages under exceptional circumstances for the industries that cannot pay it. They can try for some time. Travancore is progressive and has adopted advanced labour legislation as compared to other Provinces and States in India. But how far we are applying it or how far it will be working is another question. Therefore, I think this provision may stand as it is.

MR. WILSON PETER : സർ, നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്കു ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം നിർണ്ണയിക്കുന്നതിനു സമ്മതിച്ചിട്ടുള്ള ഒരു ബില്ലിനെപ്പറ്റിയാണു് നാം ഇന്നു് വാദപ്രതിവാദം ചെയ്യുന്നതു്. കുറഞ്ഞ ശമ്പളം നിശ്ചയിക്കുന്നതിനാവശ്യമായ സർവ സൗകര്യങ്ങളും തൊഴിലാളികൾക്കു് ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണു് ഈ ബില്ലിന്റെ ഉദ്ദേശം. തൊഴിലാളികളുടെ സ്ഥിതി സുസ്ഥിരമായിരിക്കുന്നതിനു് ചില ഭേദഗതികൾ ചില ബഹു. മെമ്പറന്മാർ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ പൊതുവേയുള്ള ഈ സഭയുടെ വികാരം കണ്ടിട്ടു് നാം ഈ രാജ്യത്തെ സാമാന്യ ജനങ്ങളോടു് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾക്കു് തികച്ചും അനുരൂപമായിട്ടാണു് പ്രവർത്തിക്കുന്നതെന്നു് എനിക്കു് തോന്നുന്നില്ല. സമാധാനപരമായ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു് പര്യാപ്തമായ ചില ഭേദഗതി കൊണ്ടുവന്നതുപോലും നിർഭാഗ്യവശാൽ പരാജയപ്പെടുകയാണുണ്ടായതു്. ഇനി ഏറ്റവും കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനു സൗകര്യം നൽകുന്നതും അതേ സമയം എല്ലാവർക്കും ഒരുപോലെ സൗകര്യം നൽകുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ഭേദഗതിയാണു്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ബില്ലിൽനിന്നും ഒരു വിഭാഗം ആളുകളെ ഒഴിവാക്കുന്നതിനു ഇന്ന് ഈ ബിൽ അവതരിപ്പിച്ച രീതിയിൽ പാസ്സാക്കുകയാണെങ്കിൽ അതു വളരെ അപായകരമായിരിക്കുമെന്നു വ്യക്തമാണ്. അതുകൊണ്ട് എന്റെ സ്നേഹിതൻ മി. പൊന്നറ ശ്രീധർ അവതരിപ്പിച്ചിട്ടുള്ള ഭേഗതിയുടെ ഉദ്ദേശശുദ്ധിയെ മുൻനിറുത്തിക്കൊണ്ട് ബഹു. മെമ്പറന്മാർ അതിന്റെ പ്രവർത്തന സാദ്ധ്യതകളെപ്പറ്റിയും അതിൽ നിന്നും സാമാന്യജനങ്ങൾക്കുണ്ടാകാവുന്ന ഗുണത്തേയും ചിന്തിച്ചു തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിറുത്തി ഈ ഭേദഗതി വോട്ടിനിടുമ്പോൾ എല്ലാവരും അനുകൂലിച്ചു വോട്ടുചെയ്തു വിജയിപ്പിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ ഭേഗതിയെ പിൻതാങ്ങുന്നു.

HON'BLE MR. N. KUNJURAMAN : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ എതിർക്കുകയാണു ചെയ്യുന്നതു്. വളരെ കാര്യങ്ങൾ ഒന്നും ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ മി. ശ്രീധർ പറഞ്ഞു തൊഴിലാളികളോട് യഥാർത്ഥത്തിൽ സ്നേഹമുള്ള ആളുകൾ ഇവിടെ ഉണ്ടോ എന്നു് അദ്ദേഹത്തിനു് സംശയമാണെന്നു. അതേ സംബന്ധിച്ചു് ഒരു വാദപ്രതിവാദം വേണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇൻഡ്യൻ യൂണിയനിൽ ഈ ബില്ലിന്റെ വാദപ്രതിവാദം വന്നപ്പോൾ മികച്ച തൊഴിലാളി സംഘടനകളുടെ പ്രവർത്തകന്മാർ അവിടെ ഉണ്ടായിരുന്നു എന്നും ഈ മാതിരി സംഗതികൾ അവിടെ വാദപ്രതിവാദത്തിനു എടുത്തിട്ടില്ല എന്നും നിങ്ങൾ ഓർമ്മിക്കേണ്ടതാണു്. പക്ഷെ അതു് പോകട്ടെ. എന്നാൽ ഇതെല്ലാം തന്നെ ഒരു എമർജൻസി വരുന്നകാലത്തെ ഒരു നാഷനൽ എമർജൻസി വരുന്നകാലത്തെ—ഉദ്ദേശിച്ചു ചെയ്തിട്ടുള്ളതാണു്. ഇതിൽ ഫാ—ാം വകുപ്പു് ഒന്നു നോക്കണം.

Fixing hours for a normal working day, etc.

12. In regard to any scheduled employment minimum rates of wages in respect of which have been fixed under this Act, Our Government may—

(*a*) fix the number of hours of work which shall constitute a normal working day, inclusive of one or more specified intervals;

(*b*) provide for a day of rest in every period of seven days which shall be allowed to all employees or to any specified class of employees and for the payment of remuneration in respect of such days of rest;

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman]

(c) provide for payment for work on a day of rest at a rate not less than the overtime rate.

മിനിമം വേജസ് മാത്രമല്ല ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളത് മറ്റു ഉപാധികളും ഉണ്ട്. ഈ ക്ലാസ് ഇല്ലാതെ വന്നാൽ എമർജൻസി കാലത്തെ നേരിടാൻ സാധിക്കുന്നതല്ല.

MR. PONNARA G. SREEDHAR : മിനിമം വേജസ് തൊഴിലാളികളെ അഫക്ററ് ചെയ്യുമെന്ന് പറയുന്നതു് എങ്ങിനെയാണ്?

HON'BLE MR. N. KUNJURAMAN : ഗവണ്മെൻറ് എമർജൻസി കാലത്തു് ഇതിൽ പറഞ്ഞിരിക്കുന്ന ചില വ്യവസ്ഥകളെ കണക്കാക്കാതെ പ്രവർത്തിക്കേണ്ടതായിവരും. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുകയും ഈ ക്ലാസു അതേപടി സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

The amendment was put to vote and lost.

The question that Clause 25 do stand part of the Bill was put and carried

The Clause was added to the Bill.

CLAUSE 26.

The question that Clause 26 do stand part of the Bill was put and carried.

The Clause was added to the Bill.

CLAUSE 27.

The question that Clause 27 do stand part of the Bill was put and carried.

The Clause was added to the Bill.

SCHEDULE.

MR. P S. NATARAJA PILLAI: I have given notice of an amendment to Schedule part I, item 6. I move that to schedule Part I, in item 6 the following words may be added at the end ;

"Under any local authority or under any person or authority appointed by Our Government".

In the schedule, Part I, in item 7, add the following words at the end—

"Under any local authority or under any person or authority appointed by Our Government."

The scheduled employment in the Bill means an emp'oyment specified in the schedule or any class or branch of w rk forming part of such employment. Then by clause 12, the Government have the right of fixing a minimum wage for any scheduled employment. If the Government are going to fix the wages for building operations, road making, stone-breaking or stone-crushing in the country and the minimum so fixed is to be applied to this class of work,

LIBRARY ARCHIVES Kerala Legislative Assembly

and any man constructing a house or a shed will come within the purview of this Bill. That is the only consideration which prompted me to table this amendment. If minimum wage is fixed under this bill, clause 17, 18 and 21 will apply. Non-payment of the wages fixed by any employer will be a penal offence According to these clauses an Inspector will have the right to enter the house, examine accounts etc. in case there is any complaint about the minimum wage. A man is bound to maintain wage slips as well. These are the consequences that follow when an employment is a scheduled employment. Therefore, I was doubting whether the wages for building operations are to be fixed under this bill in this country. It will cause a very undesirable state of affairs in the whole country. We will be in a very great difficulty. A man might have the urgent necessity of building a small cow shed or a room or a small house. When the wages of carpenters and masons etc.—people engaged in building operations are fixed, and if one does not pay the fixed wage or for some other complaint, he will be hauled up, Under clause 17 an Inspector will come and enquire whether he has paid the fixed rate for the labour. He can prosecute the person under clauses 18 and 21, and the poor man will have to go to the jail even when the labour er was prepared to work for a lesser rate. I doubt whether the Bill should be framed in that comprehensive way. I think the Bill was drafted without considering all aspects. I am led to believe that there are so many lapses in this Bill. We are now adopting this Bill, but we are quoting Section 9 of the Factories Act of 1114. The Factories Act Amendment Bill is under consideration of a Select Committee and in that Bill Clause 9 is.....

MR. K. A. GANGADHARA MENON: We are going to repeal that Act.

MR. P. S. NATARAJA PILLAI: The Act has melted into a bill. Now both the Minimum Wages Bill and the Factories Bill do not have the same provision in the section quoted. That apart, I want to make my position clear. The whole life of the country should not be affected by enacting a measure without knowing its full implication. We see here that the Government have power to enforce and fix the minimum wages on building operations, road making, stone-crushing etc.

HON'BLE MR. N. KUNJURAMAN: ഒരു വലിയ ബിൽഡിംഗ് കൺസ്ട്രക്ഷൻ ചെയ്യുമ്പോൾ വളരെ ആളുകളെ ഏർപ്പെടുത്തേണ്ടി വരുമല്ലോ. അപ്പോൾ എന്തു ചെയ്യണമെന്നാണ് പറയുന്നത്.

MR. P. S. NATARAJA PILLAI: I would request my friend to read my amendment. Under my amendment, "employment on road construction or in building operations," if it is undertaken by a local authority or under any person or authority appointed by our Government, it will come within the purview of the Bill. If a house is to be built by a private individual according to the definition proposed in this amendment the provisions of the Bill will not apply.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

Now then, if you fix the minimum rates for building operations under any local authority or under any person or authority appointed by "Our Government" you can control it. A poor citizen who puts up a shed at Rs. 35 or so, or a man laying an approach road for his house for 5 feet or a small cocoanut estate will not come under the purview of the Bill. The people will have to do this kind of work. If for building work or road making you are going to put up a schedule of minimum rates, no man will be able to do it. I have made the provision under local authority to control the work of contractors for buildings and roads. We are envisaging local boards. We are envisaging Village Panchayats and Municipalities where, when public works such as road making or building operations are carried on, that has to be controlled by Government. But to put the building operations as a whole on a minimum wage basis throughout the country, will be a great hardship to the people. I don't think that it is the intention of the mover of the bill to put a restriction on the right of the people to build houses or roads. It will have very serious consequences. I can perfectly know the Government also know, that there are provisions to exclude or include any industry at some time or other. But we are now enacting a measure to enforce minimum wages for the schedule industries. But my contention is that these operations when undertaken by Government should be controlled; not otherwise. Suppose a railway is being constructed or a big road scheme is undertaken by Government or a dam is being constructed by Government, then it will be necessary to enforce the minimum wages. We cannot allow to have sweated labour. We cannot allow a contractor to make huge profit at the cost of labour. Therefore in building operations also we must fix the minimum wages. I am one with the framers of the bill on that, but that must be for major works, for the present I will say, the major work undertaken by Government and semi-Government bodies. As far as the private citizen is concerned, he must be exempted. When once you fix a minimum wage for building operations and frame a schedule rate, naturally, by free competition, the private citizen will have to approximate to that level of payment. There cannot be a kind of sweated labour for the private citizen, because he is constructing his own house. The law of supply and demand will be conditioned by the actual wage rate that is prevalent. When you have fixed a minimum wage, then there will not be a need to fear that there will be under-payment or sweated labour. Therefore, Sir, I would earnestly plead to this House to fully realise the implications when house-building is included in the schedule. In this connection I may invite the attention of my friends to the definition of the employer in item (d), It reads;

> "Employer" means any person who employs, whether directly or through another person or whether on behalf of himself or any other person, one or more employees in any scheduled employment in respect of which minimum rates of wages have been fixed under this Act and includes, except in sub-section (3) of Section 25,.....

LIBRARY ARCHIVES Kerala Legislative Assembly

I draw attention to the words "employs one or more employees."

MR. K. P. NILAKANTA PILLAI: Suppose the company is engaged in constructing a building costing several lakhs of rupees, what will be the position ?

MR. P. S. NATARAJA PILLAI: For the present it will have to be restricted for works undertaken by Government or Local Bodies. That is the only way I can envisage it. That is why I say that major works such as building or road-making lies with the Government and semi-Government bodies at present. When minimum wage is enforced throughout the country, labour will react on the supply and demand basis and demand the minimum wage at all times. I can appreciate the anxiety of my honourable friend. Suppose a factory comes into existence tomorrow at Trivandrum or Kundara, it may construct a building for a crore of rupees. There may be a chance for sweated labour or under-payment, but that will be conditioned by the other thing, the rule of supply and demand. I don't know of any other method. If the mover of the bill on the Treasury Bench is prepared to shape another amendment I am prepared to accept it. The one thing which I emphasise is that the ordinary citizens in the land should not be penalised and the ordinary building operations should not be obstructed. You know that the condition of our houses is poor. Every day we have to build more and more houses and the demand for houses is increasing day by day. In these circumstances, to put any obstruction on the free building operation will be detrimental to the interests of the country. It will be penalising the citizen.

MR. K. A. GANGADHARA MENON: How will it be penalising the citizens ?

MR. P. S. NATARAJA PILLAI: He will not be able to build houses freely and if he violates any section of the bill while he constructs the house, he will be sent to jail. He is being asked to give his wage slip for every anna.

MR. PONNARA G. SREEDHAR : മിനിമംവേജസ് ആണ് ഫിക്സ് ചെയ്തിരിക്കുന്നത് എന്നറിഞ്ഞുകൂടെ ? അതിലും കൂടുതൽ കൂലികൊടുക്കണമെന്നാണോ പറയുന്നത് ?

MR. P. S. NATARAJA PILLAI: I am very sorry ; my friend need not fear that the labour will suffer. I said that in this country to enforce minimum wage for every industry in the land at the present economic condition is an impossibility.

MR. PONNARA G. SREEDHAR : അങ്ങനെയാണെങ്കിൽ ഈ ആക്ട് നെത്തന്നെ ആദ്യമേ എടുക്കാതിരുന്നതെന്തുകൊണ്ട് ?

MR. P. S. NATARAJA PILLAI: As far as possible, in an organised industry, when it is getting a profit, it is the duty of the citizen and the State to enforce minimum wage. But when our average level of income is so poor, when the average citizen is not living according to the standard of living we want him to have, when they are leading a life of poverty and penury, we cannot have it. But that does not

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai

mean that when the State has decided to fix the minimum wage for organised industries it should be applied indiscriminately to every Industrial activity in the country. People will have to live and progress We cannot make an ideal condition at a stroke of the pen or by passing a bill. Therefore, opportunities must be given for our free economic development. For economic development, housing is a primary need. You should not do anything which will affect the housing problem of the people. If this provision, without my amendment, is carried and put into the Statute Book, I fear, Sir, that it will really be a danger and will prove a great hardship to the country as a whole. I request my honourable friends to think over it. I request the Treasury Benches to consider it in all its implications and then decide.

MR. P. S. MUHAMMED: I second the amendment of Mr. Nataraja Pillai.

MR. PONNARA G. SREEDHAR: എനിക്കു മറൊരു amendment കൂടിയുണ്ട്. അതുകൂടി Move ചെയ്യാൻ അനുവദിക്കണം.

MR. P. BALAKRISHNAN THAMPI: Those amendments are so dissimilar that there cannot be any relation between them.

MR. PRESIDENT: I will put the amendments separately to vote. Only the discussion will be carried on together.

MR. PONNARA G. SREEDHAR: എന്നാൽ അമെൻറുമെൻറ് ഫാജരാക്കുന്നതുകൂടി തന്നെ ഞാൻ മി. നടരാജപിള്ളയുടെ അമെൻറുമെൻറിനെ എതിർക്കുകയും ചെയ്യുന്നു. അതിനു വിരോധമില്ലെന്നു തോന്നുന്നു.

MR. PRESIDENT: You can do as you like

MR. PONNARA G. SREEDHAR: ഏതായിരുന്നാലും മി. പി. എസ്. നടരാജപിള്ളയുടെ അമെൻറുമെൻറു എതിർക്കുകയെന്നുള്ള ജോലി എനിക്കുതന്നെയാണ് ആദ്യമായി വന്നിരിക്കുന്നതു്. ആ അമെൻറുമെൻറ് പൊതുവേ നോക്കുകയാണെങ്കിൽ ഒരു കൈകൊണ്ടു് കൊടുത്തതു് മറുകൈകൊണ്ടു് തിരിച്ചെടുക്കുകയെന്നപോലെയാണു്. ഈ ബില്ലിൽ അറിഞ്ഞോ അറിയാതെയോ ചില തൊഴിലുടമകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു്, അല്പസ്വല്പമെങ്കിലും ലഭിക്കുവാനിടയാകുന്ന അപൂർവ്വം ചില ക്ലാസ്സുകളുണ്ടു്. ഇന്നു് അസംഘടിതമായിട്ടു് കഴിയുന്നവരും ഏറ്റവും കഷ്ടത അനുഭവിക്കുന്നവരുമായ ആ വർഗ്ഗത്തിനു് എന്തെങ്കിലും ഗുണം ഈ ബില്ലുകൊണ്ടു് ഉണ്ടായിപ്പോയാലോ എന്നു ഭയന്നിട്ടെന്നപോലെ തോന്നുന്നു, മി. നടരാജപിള്ള അദ്ദേഹത്തിന്റെ ഭേദഗതികൊണ്ടു വന്നിട്ടുള്ളതു്. ഇന്നു തൊഴിലാളികൾക്കു് ജീവിക്കാനുള്ള കൂലി കിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല എന്നുള്ളതു് ഏവർക്കും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണു്. എന്നാൽ മി. നടരാജപിള്ള പറയുന്നതു് ഈ ക്ലാസ്സു ബില്ലിലുള്ളതു പോലെ പാസ്സാക്കുകയാണെങ്കിൽ സാധാരണ ജനങ്ങൾക്കു ചെറിയ തോതിലുള്ള കെട്ടിടങ്ങൾ വയ്ക്കുന്നതിനും മറ്റും വളരെ വിഷമമുണ്ടാകുമെന്നാണു്. ഗവണ്മെൻറു് തീരുമാനിക്കുന്നതായ മറ്റു വീടുകൾ കുറഞ്ഞ കൂലിപോലും കൊടുക്കാൻ സാധാരണ ജനങ്ങൾക്കു നിവൃത്തിയില്ലെന്നും അദ്ദേഹം പറയുന്നു. ഈ ബിൽ പാസ്സായാൽ തൊഴിലാളികൾക്കു് അതിൽ പറയുന്ന കൂലി കൊടുത്തുതന്നെ തീരൂ എന്നുള്ളതിനാൽ ഈ ബില്ലിൻ പ്രകാരം തീരുമാനിക്കുന്ന കൂലി തിരുവിതാംകൂർ ഗവണ്മെൻറു് നടത്തുന്നതായ പണികൾക്കു മാത്രം കൊടുത്താൽ മതിയെന്നും, അല്ലാതെ വീടുകളും മറ്റും പണിയിക്കുന്ന പൊതുജനങ്ങളെ ആ നിയമം ബാധിക്കാതിരിക്കണമെന്നും അദ്ദേഹം പറയുന്നതിൻെറ അർത്ഥം എനിക്കു് മനസ്സിലാകുന്നില്ല.

MR. P. S. NATARAJA PILLAI : ഈ ക്ലാസ്സു് എന്തു പറയുന്നതെല്ലാം തിരുവിതാംകൂറിലുള്ള എല്ലാവർക്കും നടത്താൻ സാധിക്കുമോ?

MR. PONNARA G. SREEDHAR : സെക്ഷൻ എ ക്ലാസ്സു് എം. സി. നിർമ്മാണം വച്ചുനടത്താതിരിക്കുന്നതു് കുറേകൂടി ക്രൂരമാണു്. കൂലിക്കാർക്കു് നിശ്ചയമായും ജീവിതത്തിനുള്ള കൂലി കൊടുക്കണം.

MR. P. S. NATARAJA PILLAI : തിരുവിതാംകൂറിൽ രണ്ടു മുറികളുള്ള വീടുകൾ എത്ര കാണും?

MR. PONNARA G. SREEDHAR : ഇപ്പോൾ രണ്ടു മുറികൾ പോലുമില്ലാത്ത വീടുകളാണു് ധാരാളമായിട്ടുള്ളതു്.

MR. P. S. MUHAMMED : സാധുക്കളായുള്ളവർക്കു് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനു് അവരുടെ അടുത്തുള്ള സ്നേഹിതന്മാരായ ആളുകളെ വിളിച്ചു് ജോലി ചെയ്യിച്ചു് അവർക്കു് ആഹാരവും മറ്റും കൊടുത്തു ചെറിയ കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുകയില്ലേ?

MR. PONNARA G. SREEDHAR : വലിയ ചോദ്യമായിപ്പോയി. സാധുക്കൾ അതു വിധം തന്നെയാണു് അവരുടെ ആവശ്യങ്ങൾ നടത്തുന്നതു്. എന്തായാലും തൊഴിലാളികൾക്കു് ശരിയായിട്ടുള്ള കൂലി കൊടുക്കുകതന്നെ വേണം. അതിൽ നിന്നും കുഴഞ്ഞുമാറുന്നതിനാണു് താങ്കൾ മി. നടരാജപിള്ള ഈ അമെൻറുമെൻറുകൊണ്ടു ഉദ്ദേശിക്കുന്നതു്. അതു് ഒരു പരിതഃസ്ഥിതിയിലും അനുവദിക്കാൻ പാടില്ല. ഞാൻ ആ അമെൻറുമെൻറിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ponnara G. Sreedhar]

ഇനി എന്റെ ഭേദഗതിയെപ്പറ്റി പറയാം. "മിനിമം വേജസ്" ബില്ലിന്റെ ഉദ്ദേശം "മിനിമം വേജസ്" എങ്കിലും ഒരു ക്രൂലിക്കാരനു കിട്ടണമെന്നാണ്. അതുപോലും കൊടുക്കുന്നതിന് ഒരുവൻ തയ്യാറല്ലെങ്കിൽ ആ മനുഷ്യൻ സ്വയം ജോലി ചെയ്യുന്നതാണുത്തമം. അത്തരക്കാർ ഒരു കെട്ടിടം കെട്ടുന്നതിനോ മറ്റോ ക്രൂലിക്കാരനെ വിളിച്ചാൽ വരുന്നതിനു ആരുമുണ്ടായിരിക്കുകയില്ലാ. ന്യായമായ വിധത്തിലുള്ള ഒരു ക്രൂലിനിരക്കാണ് ഇന്നു നിലവിലിരിക്കുന്നതു. എന്നാൽ ഈ ബിൽ പാസ്സാക്കുന്നതോടുകൂടി ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ക്രൂലിപോലും അവനു കിട്ടാതിരിക്കാനാണെളുപ്പം. ആയതിനാൽ ക്രൂലി, "മിനിമ"ത്തിൽ നിന്നും കുറയുന്ന ഒരവസ്ഥ ഉണ്ടാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. എനിക്കു മറെറാന്നു പറയാനുള്ളതു്, ഈ ബില്ലിന്റെ ഷെഡ്യൂളിൽ ഏകദേശം ചെറുതും വ്യവസായങ്ങളെപ്പറ്റി പറയുന്നുണ്ടു്. എന്നാൽ അവയിൽ ഉൾപ്പെടുത്താത്തതും, അതേ സമയം ഏറ്റവും പ്രാധാന്യമുള്ളതുമായ, ഹോട്ടൽ, ബാർബർഷാപ്പു്, വാഷിംഗ് മുതലായ തൊഴിലുകളെ കൂടി ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി. ആ വ്യവസായങ്ങളിലെ തൊഴിലാളികളെ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ അപേക്ഷ. അവർ രായും പകലും ഒരുപോലെ ജോലിചെയ്യേ കഷ്ടപ്പെടുന്നവരാണെന്നു് ടൗണിൽ ജീവിക്കുന്നവക്കെല്ലാം അറിയാവുന്നതാണു്. രാത്രി ഫറമണിക്കു ചായക്കടയിൽ ചെന്നു നോക്കിയാൽ ഈ മാതിരി ജോലിക്കാരെക്കൊണ്ടു് മുതലാളിമാർ ഏതു ശ്രുപത്തിലാണു് പണിയെടുപ്പിക്കുന്നതെന്നു് കാണുവാൻസാധിക്കുന്നതാണു്. തിരുവനന്തപുരത്തുള്ള മിക്കഹോട്ടലുകളിലുമുള്ള ജോലിക്കാർ ഉറക്കം കൂടി ഉപേക്ഷിച്ചു് ജോലിചെയ്തിട്ടാണു് മുതലാളിക്കു പണം സമ്പാദിച്ചുകൊടുക്കുന്നതു്. ഇവരുടെ അദ്ധ്വാനത്തിനു തക്കവണ്ണം ഉള്ളക്രൂലി കിട്ടുന്നതിനുവേണ്ടി ഈ ബില്ലിന്റെ പരിധിയിൽ അവരെക്കൂടി ഉൾപ്പെടുത്തേണ്ടതു ഏറ്റവും അത്യന്താപേക്ഷിതമാകുന്നു. റോഡ്സൈഡിലും മറ്റും ജോലി ചെയ്യുന്ന ക്രൂലിക്കാരെപ്പറ്റി പറയുന്ന പക്ഷം അവർക്കു് ക്രൂലിനിരക്കു് അനുവദിച്ചിരിക്കുന്നതു് വേറൊരു രീതിയിലാണു്. അവരെക്കൊണ്ടു് ജോലി ചെയ്യിക്കയും അതിൽനിന്നും ഒരു ലാഭം ഗവൺമെൻറു തട്ടിയെടുക്കുകയും ചെയ്യുന്നുണ്ടെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിച്ചു് മുൻപു് ഞാൻ പ്രസ്ഥാപിച്ച വിധത്തിലുള്ള തൊഴിലാളികളെക്കൂടി, ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തി, അവരുടെ കൂലിനിരക്കും കൂടി വ്യവസ്ഥപ്പെടുത്തേണ്ടതാണെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. P. BALAKRISHNAN THAMPI: I am glad that I find myself quite in agreement with my friend Mr. Sreedhar, in opposing the amendment of Mr. Nataraja Pillai. In one sense, I am also happy in respect of the amendment of Mr. Nataraja Pillai also. That amendment reassured me that he is not going red. Yesterday, from some of the amendments moved by him, I was led to believe without any competent reason, that he was fast turning red. (*Laughter*). But this resolution, he moved with the good sense of a good mid-Victorian householder. But unfortunately for him Mr. Nataraja Pillai, I can assure him that this Act is a socialistic Act, an Act moved by a socialistic Government and that this is one of the many Acts which modern Governments which are either professedly socialistic or socialistic in outlook are bringing to the Statute book. In the good old days there was no trouble of the state coming in between the employer and the employee. The periodical and cnstomary presents for Onam and Vishu would no longer satisfy labour. Therefore, Mr. Nataraja Pillai should be prepared to see a world where the whole social order has changed or is fast changing. I think he was purposely a little humorous when he moved that amendment in the Schedule. To the whole Act, clause by clause, which was solemnly passed by this House, he moves an amendment in the Schedule which will make the whole Act look ridiculous. Once the scheme of the Act is accepted, once this House decides that the wages should not be left to the vagaries of the contract between the employer and the employed or, as he calls, the ruthless operation of the law of supply and demand, once you have conceded the position it is very clear that we cannot accept the amendment which would render nugatory most of the operative sections of this Act. It is not so ridiculous to believe that those industries which call forth reverberating labour should be excluded from the category of this Act. Is stone-breaking and stone-crushing as remarkable as perhaps the making of a garland of jasmine flowers, to work in the hot sun for road construction or to be exposed to the sun for building operations?

I would request my friend to visit his close neighbourhood near his cottage. That part of the town is noted for stone-crushing and stone-breaking. He must have seen that of all the most arduous works in labour is stone-crushing aud stone-breaking, and as such this should be excluded from the purview of this Bill, saying that a man wants a cow-shed, is interesting. The man who wants to make a cow-shed or to lay a very small 20-feet lane under the scheme of the Act is the employer in that context. However poor the man might be, when he wants to put a cow-shed or to

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Tampi]

make a very small lane, as described by Mr. Nataraja Pillai, to that extent the scheme of the Act is affected by the amendment. I was going to be very positive about the principles of legislation,—it is note quite in consonance with accepted principles of legislation that the operative portion of an Act should be allowed to be defeated by an amendment to a schedule. With these words, Sir, I am opposing the amendment of Mr. Nataraja Pillai.

There is another amendment moved by Mr. Sreedhar. I oppose that amendment not in sympathy with the domestic labour also — labour in hotels and public meeting places. I think that under the scheme of this Act it will not be feasible to bring in that section of labour. It is better to bring in a more comprehensive legislation, bringing within its ambit not merely people who work in hotels and eating places but also domestic places. Let us go in for another legislation in a systematic and methodical manner so that the scheme of society might be put into that ideal order of tomorrow.

The amendment was put to vote and lost.

The question that Schedule-Part I do stand part of the Bill was put and carried.

The Schedule—Part I was added to the Bill.

Schedule—Part II.

MR. P. C. GEORGE: Sir, I do not move my amendment.

There being no further amendment the question that Schedule—Part II do stand part of the Bill was put and carried.

The Schedule—Part II was added to the Bill.

ADJOURNMENT MOTION RE:LABOUR SITUATION AT ALLEPPEY

MR. PRESIDENT: The time being 4' of the clock now, the House will now proceed to the adjournment motion fixed for the day.

MR. P. S. MUHAMMAD: I beg to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the grave and alarming situation that has arisen in Alleppey and in its suburbs, out of the recent occurrences created by the serious labour troubles followed by the use of brutal force and Police interference.

സർ, ഈ മോഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു് ഗവണ്മെൻറിന്റെ ദൃഷ്ടി അല്പെങ്കിൽ ശ്രദ്ധ ആലപ്പുഴ ഉൾപ്പെടുന്ന അമ്പലപ്പുഴ താലൂക്കിലേക്കും ചേർത്തലതാലൂക്കിലേക്കും പതിയണമെന്നുള്ള ഉദ്ദേശത്തിലാണു്. കഴിഞ്ഞ കുറേ വർഷങ്ങളായി ആലപ്പുഴ പട്ടണത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഭയങ്കരമായ സംഭവങ്ങൾ പലപ്പോഴും ഈ സഭയിലെ മെമ്പറന്മാരെത്തന്നെ വൈഷമ്യത്തിലാക്കീട്ടുള്ളതായ സന്ദർഭങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. കുറേ കൊല്ലങ്ങൾക്കു മുമ്പു് നമ്മുടെ രാജ്യത്തു് പൊതുവേ രാഷ്ട്രീയസംഗതി

LIBRARY ARCHIVES Kerala Legislative Assembly